**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3590** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കായി ആരോഗ്യ ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്‌കുമാർ ജോസഫ് | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ വിശദാംശം നൽകുമോ? | (എ) | ഭിന്നശേഷിക്കാർക്കായി നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയായ നിരാമയ പദ്ധതിയിൽ നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരമുള്ള നാല് വിഭാഗം ഭിന്നശേഷിത്വമുള്ളവർക്കാണ് പരിരക്ഷ നൽകുന്നത്. നിരാമയ കേന്ദ്ര സർക്കാർ പദ്ധതിയാണെങ്കിലും ഇതിൽ അംഗങ്ങളാകുന്നതിന് ഗുണഭോക്താക്കൾ അടയ്ക്കേണ്ടുന്ന പ്രീമിയം തുകയും , പുതുക്കുന്നതിന് വർഷംതോറും അടയ്ക്കേണ്ടുന്ന പ്രീമിയം തുകയും കേരള സർക്കാരാണ് അടച്ച് വരുന്നത് . കൂടാതെ ഉയർന്ന പിന്തുണ ആവശ്യമുള്ള ഭിന്നശേഷിക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുവാൻ സംസ്ഥാന സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതിയാണ് 'അനാമയം സമഗ്ര ഇൻഷ്വറൻസ് പദ്ധതി' . പ്രസ്തുത പദ്ധതിയ്ക്കായി 2235-02-101-55 NP ശീർഷകത്തിൽ 99.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നു സബ്ജക്ട് കമ്മറ്റി ശിപാർശ ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ